പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 330 — 03.02.2020-ൽ മറുപടിക്ക്

**റേഷൻ സാധനങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിന് നടപടികൾ**

| ചോദ്യം<br>**ശ്രീ.മോൻസ് ജോസഫ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഭക്ഷ്യ യോഗ്യമല്ലാത്ത റേഷൻ സാധനങ്ങൾ ചില ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നതും ആയത് വിതരണം ചെയ്യുന്നതും സംബന്ധിച്ച് ഉണ്ടായിരിക്കുന്ന പരാതികൾക്ക് പരിഹാരം കണ്ടെത്തുമോ എന്നറിയിക്കുമോ ; | (എ) ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത റേഷൻ സാധനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ ടി പരാതികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) റേഷൻ സാധനങ്ങൾ കൃത്യമായി റേഷൻ കടകളിൽ എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ;<br>(സി) ഇവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആയത് വിതരണം ചെയ്യുന്നതിനും സ്വീകിരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിൽ എത്തുന്ന റേഷൻ സാധനങ്ങളുടെ അളവും ഗുണമേന്മയും ബോധ്യപ്പെട്ടതിന് ശേഷം എ.ആർ.ഡി കൾ ടി സ്റ്റോക്ക് സ്വീകരിക്കേണ്ടതും, തുടർന്ന് ടി സ്റ്റോക്കിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് എ.ആർ.ഡി കളുടെ ഉത്തരവാദിത്തവുമാണ്. റേഷൻ കടകളിലെ സാധനങ്ങളുടെ ഗുണമേന്മ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ, റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ FIFO തത്വം പാലിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) റേഷൻ കടകളിൽ പച്ചരിക്കും മണ്ണെണ്ണക്കും ക്ഷാമം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br>(ഇ) ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; ഈ സാധനങ്ങൾക്കുണ്ടായിരിക്കുന്ന ക്ഷാമത്തിനുള്ള കാരണം വ്യക്തമാക്കാമോ ; | (ഡി) & (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് പൊതുവിതരണത്തിനായി ലഭിക്കുന്ന അരിയുടെ വിഹിതത്തിൽ നെല്ല് സംഭരണം മുഖേന സപ്ലൈകോ ലഭ്യമാക്കുന്ന സി.എം.ആർ അരി ഉൾപ്പെടുത്തി, ബാക്കിയുള്ള അളവാണ് എഫ്.സി.ഐ യിൽ നിന്ന് അനുവദിക്കുന്നത്. വിളവ് വർദ്ധിപ്പിച്ചതിനാൽ നെല്ല് സംഭരണം മുഖേനയുള്ള അരിയിൽ വർദ്ധനവുണ്ടായതിനാലാണ് പച്ചരിയുടെ ലഭ്യത കുറയാൻ കാരണം. നെല്ല് സംഭരണം മുഖേന ലഭ്യമാകുന്ന അരിയുടെ |

അളവ് കുറയുന്നതിനനുസരിച്ച് പച്ചരിയുടെ ലഭ്യതയിലും വർദ്ധനവുണ്ടാകുന്നതാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള സബ്സിഡി മണ്ണെണ്ണ വിഹിതം, നടപ്പ സാമ്പത്തിക വർഷത്തിലെ 2-ാം പാദം മുതൽ നിലവിലുണ്ടായിരുന്ന 13908 കിലോ ലിറ്ററിൽ നിന്നും വെട്ടിക്കുറച്ച് 9264 കിലോ ലിറ്റർ ആയി പരിമിതപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ 2019 സെപ്തംബർ മാസത്തിലും ഡിസംബർ മാസത്തിലും എൻ.പി.എൻ.എസ് വിഭാഗത്തിനെ സബ്സിഡി മണ്ണെണ്ണ വിതരണത്തിൽ നിന്നും ഒഴിവാക്കേണ്ടി വന്നു. കേന്ദ്ര സർക്കാരിനോട് വെട്ടിക്കുറച്ച പാദ വിഹിതം പുന:സ്ഥാപിച്ച് നല്കണമെന്ന് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയതിൽ അനുകൂലമായ തീരുമാനം കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഇതുവരെ ഉണ്ടായിട്ടില്ല.

(എഫ്) റേഷൻ കടകളിൽ പച്ചരി ലഭിക്കാത്തതുകാരണം പൊതു വിപണിയിൽ പച്ചരിക്ക് ഉണ്ടായിരിക്കുന്ന വിലക്കയറ്റത്തിന് അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

(എഫ്) റേഷൻ കടകളിൽ പച്ചരി ലഭിക്കാത്തതു കാരണം പൊതു വിപണിയിൽ പച്ചരിക്ക് വിലക്കയറ്റമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1500 ഓളം വരുന്ന ഔട്ട് ലെറ്റുകളിലേയ്ക്ക് രണ്ടര മാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ, ഡിപ്പോകളിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെണ്ടർ/ ഈ-ഓക്ഷൻ മുഖേന പച്ചരി ഉൾപ്പെടെയുള്ള 38 ഇനം പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വില്പനശാലകൾ വഴി വില്പന നടത്തുന്നുണ്ട്. ആയത് പ്രകാരം പച്ചരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു.

സെക്ഷൻ ഓഫീസർ